# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.190 17.06.2014-ൽ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. വി. ശിവൻകുട്ടി**<br>**ഡോ. ടി.എം. തോമസ് ഐസക്**<br>**പ്രൊഫ. സി. രവീന്ദ്രനാഥ്**<br>**ശ്രീ. എളമരം കരീം** | **ശ്രീ.കെ.എം.മാണി**<br>ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി |

## സാമ്പത്തികാവസ്ഥ സംബന്ധിച്ച ധവളപത്രം

| | | |
|---|---|---|
| (എ) | ധവളപത്രം പുറപ്പെടുവിച്ചുകൊണ്ട് ഈ സർക്കാർ, സംസ്ഥാനത്തിന്റെ സാമ്പത്തികാവസ്ഥയിൽ മാറ്റം വരുത്താൻ എന്തൊക്കെ പരിഷ്കാരങ്ങൾ ഏർപ്പെടുത്തുമെന്നാണ് പ്രഖ്യാപിച്ചത്; ഇവയിൽ നടപ്പിലാക്കിയവ ഏതൊക്കെ; അവശേഷിക്കുന്നവ ഏതൊക്കെ ; | സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി അവലോകനം ചെയ്തുകൊണ്ടും സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് ചില നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടും 2011-ൽ ധവളപത്രം പുറപ്പെടുവിച്ചു. കാർഷിക വ്യാവസായിക മേഖലകളിലെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും സഹായകരമായ പദ്ധതികളാവിഷ്ക്കരിക്കുക, വ്യാവസായിക സേവന മേഖലകളുടെ വൈവിധ്യവൽക്കരണത്തിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, വ്യാവസായിക പുരോഗതിക്കുവേണ്ടി സ്വകാര്യ മൂലധന നിക്ഷേപം ആകർഷിക്കുന്നതിന് പോർട്ടുകൾ, റോഡുകളുൾപ്പെടെയുള്ള ഗതാഗത മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം ത്വരിതപ്പെടുത്തുക, കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാ |

| | | |
|---|---|---|
| | | നമാക്കി മാറ്റുക തുടങ്ങിയ സുപ്ര ധാന നടപടികളിലൂടെ സംസ്ഥാന സമ്പദ് വ്യവസ്ഥയ്ക്ക് ഉണർവ് നൽകുന്നതിനുള്ള നിർദ്ദേശങ്ങളായി രുന്നു ധവളപത്രത്തിൽ പ്രധാന മായും പരാമർശിച്ചിരുന്നത്.<br>സംസ്ഥാനത്തിന്റെ കാർഷിക വ്യവസായ മേഖലകളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി നിരവധി മുൻഗണനാ പദ്ധതികൾ ഈ സർക്കാർ അവതരിപ്പിച്ച ബഡ്ജറ്റുക ളിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരു ന്നു. ഹൈടെക് കൃഷിരീതി വ്യാപിപ്പി ക്കൽ, ഗ്രീൻഹൗസ് പദ്ധതി, സംയോ ജിത കാർഷികവികസന പദ്ധതി, സമഗ്ര നാളികേര വികസന പദ്ധതി, ജൈവകൃഷി പ്രോത്സാഹനപദ്ധതി, കൂടുതൽ അഗ്രി സൂപ്പർ മാളുകൾ സ്ഥാപിക്കൽ, ഇടുക്കി പാക്കേജ്, കുട്ട നാട് പാക്കേജ്, സംയോജിത കൃഷി ത്തോട്ട പദ്ധതി, മാതൃകാ ഹൈടെക് ഹരിത ഗ്രാമങ്ങൾ സ്ഥാപിക്കൽ എന്നിവ കാർഷിക മേഖലയുടെ പുരോഗതിക്കും അഭിവൃദ്ധിക്കുമായി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികളാണ്. തൊഴിലില്ലാ യ്മയ്ക്ക് പരിഹാരം കാണുന്നതിന്റെ ഭാഗമായി തൊഴിൽ വൈദഗ്ധ്യ വിക സനപദ്ധതി, വിദ്യാഭ്യാസ സ്ഥാപനങ്ങ ളിൽ പ്ലെയ്സ്മെന്റ് സെല്ലുകൾ സ്ഥാപിക്കൽ, കരിയർ ഡെവലപ്മെന്റ് മിഷൻ, തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിന് സ്റ്റാർട്ട് അപ് സബ്സിഡി നൽകൽ എന്നീ പദ്ധതി |

| | | |
|---|---|---|
| | | കൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുകയാണ്.<br>ദീർഘ നാളായി തടസ്സപ്പെട്ടുകിടന്ന വൻകിട പദ്ധതികളായ വിഴിഞ്ഞം തുറമുഖ പദ്ധതി, സ്മാർട്ട് സിറ്റി പദ്ധതി, കൊച്ചി മെട്രോ പദ്ധതി, കണ്ണൂർ വിമാനത്താവള പദ്ധതി, മോണോ റെയിൽ പദ്ധതി എന്നിവയുടെ പ്രവർത്തനത്തിൽ വർദ്ധിച്ച തോതിലുള്ള പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത പദ്ധതികളുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യ വികസനത്തിന് സംസ്ഥാന ബഡ്ജറ്റിലൂടെ ഗണ്യമായ സാമ്പത്തിക സഹായം ഓരോ വർഷവും അനുവദിച്ചുവരുന്നു. ഇന്ത്യയ്ക്ക് അകത്തും പുറത്തുമുള്ള നിക്ഷേപകരെ ആകർഷിക്കുന്നതിന്റെ ഭാഗമായി എമർജിംഗ് കേരള നിക്ഷേപ സംഗമം സംഘടിപ്പിക്കുകയുണ്ടായി. |
| (ബി) | ഏതെല്ലാം സാമ്പത്തിക അസന്തുലിതാവസ്ഥകളാണ് കുറച്ചത് ; നികുതി വരുമാനം സ്ഥായിയായി വർദ്ധിപ്പിക്കുകയുണ്ടായോ; വിശദമാക്കുമോ ; | സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായ ക്രിയാത്മകവും കാര്യക്ഷമവുമായ നടപടികളുടെ ഫലമായി 2011-12 സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ മൊത്തം റവന്യൂ വരുമാനത്തിൽ 22.65 ശതമാനം വളർച്ച കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ രാജ്യത്ത് പൊതുവായി നിലനിൽക്കുന്ന സാമ്പത്തികമാന്ദ്യവും, സ്ഥായിയായി തുടരുന്ന നാണ്യപെരുപ്പവും. സംസ്ഥാനത്തിന്റെ വിവിധ മേഖലകളുടെ വളർച്ചയെ സാരമായി ബാധിക്കുകയും തത്ഫലമായി |

| | | |
|---|---|---|
| | | സംസ്ഥാന വരുമാനത്തിൽ പ്രതീക്ഷിച്ച ലക്ഷ്യം കൈവരിക്കാൻ സാധിക്കാതെ വരുകയും ചെയ്തിട്ടുണ്ട്. കുടാതെ അവശ്യസാധനങ്ങൾ, മരുന്നുകൾ എന്നിവയ്ക്ക് ഏർപ്പെടുത്തിയ നികുതിയിളവുകൾ, സ്റ്റാമ്പ് ഡ്യൂട്ടിയിൽ വരുത്തിയ 2 ശതമാനം ഇളവ്, ഭൂമി ക്രയവിക്രയത്തിലുണ്ടായ ഇടിവ്, മദ്യവിൽപനയിലുണ്ടായ കുറവ്, വാഹന വിൽപ്പനമേഖലയിലെ മാന്ദ്യം, റബ്ബർ വിലയിൽ വന്ന ഇടിവ്, സ്വർണ്ണ വ്യാപാരികൾക്ക് കോമ്പൗണ്ട് നികുതിയിനത്തിൽ നൽകിയ ഇളവ് തുടങ്ങിയവയൊക്കെ റവന്യൂവരുമാനത്തിലെ വളർച്ചാ നിരക്ക് കുറയുന്നതിന് കാരണമായിട്ടുണ്ട്. കേന്ദ്രനികുതി വിഹിതത്തിലും കേന്ദ്ര ധനസഹായത്തിലും ഉണ്ടായ ഗണ്യമായ കുറവും റവന്യൂ വരുമാനത്തെ പ്രതികുലമായി ബാധിച്ചു. |
| (സി) | ഏതെല്ലാം നിലയിലുള്ള അനാവശ്യ ഭരണചെലവുകളും അധിക ചെലവുകളും കുറച്ചുകൊണ്ടു വരുകയുണ്ടായി ; വ്യയ നിയന്ത്രണത്തിനായി പുറപ്പെടുവിച്ച എക്കണോമി ഓർഡേഴ്സ് ഏതെങ്കിലും നടപ്പിലാക്കുകയുണ്ടായോ ; വിശദമാക്കുമോ ? | ധനകാര്യ മാനേജ്മെന്റിന്റെ ഭാഗമായി റവന്യൂ ചെലവുകൾ നിയന്ത്രിക്കുന്നതിന് വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സർക്കാർ വകുപ്പുകളിൽ അധിക തസ്തികകൾ നിലവിലുണ്ടോ എന്ന് കണ്ടെത്തുന്നതിനും പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ട സാഹചര്യങ്ങളിൽ, കണ്ടെത്തിയ അധിക തസ്തികകളിൽ നിന്നും നിയമനം നടത്താനും ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് നിയന്ത്രണം ഏർപ്പെടുത്തി. ആരോഗ്യ കുടുംബ |

| | | |
|---|---|---|
| | | ക്ഷേമം ഒഴികെയുള്ള വകുപ്പുകളിൽ നിന്നുള്ള ജീവനക്കാരുടെ വർക്കിംഗ് അറേഞ്ച്മെന്റ് നിർത്തലാക്കി. സർക്കാർ ഓഫീസുകളിൽ വൈദ്യുതി, ജലം, സ്റ്റേഷനറി എന്നിവയുടെ ഉപഭോഗം നിയന്ത്രിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മുൻകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ചെലവു ചുരുക്കൽ ഉത്തരവുകൾ കർശനമായി പാലിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ അംഗീകാരമില്ലാതെ പുതിയ തസ്തികകൾ സൃഷ്ടിക്കരുതെന്ന നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. മുൻകൂട്ടി തീരുമാനിക്കപ്പെട്ടിട്ടുള്ളതും, അംഗീകൃത പ്രോജക്ടുകളുമായി ബന്ധപ്പെട്ടുള്ളതും, അല്ലാത്തതുമായ ഉദ്യോഗസ്ഥരുടെ വിദേശ യാത്രകൾക്ക് 11.10.2013 ലെ സ.ഉ(പി)നം.515/2013/ധന ഉത്തരവ് പ്രകാരം നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ